**മേലെഴുത്ത് നമ്പർ: DTETVM/4162/2025-EA2 (EA)-Part(1) തീയതി: 28-06-2025**

---

സൂചന: ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ നിന്നുള്ള സർക്കുലർ നമ്പർ: **50/2025/ധന** തീയതി: **24.06.2025.**

സൂചനയിലെ സർക്കാർ സർക്കുലർ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവിമാരുടെയും/ **DDO** മാരുടെയും അറിവിലേക്കായി നൽകുന്നു.

**JAYAPRAKASH P**

**DIRECTOR(INCHARGE)**

പകർപ്പ്,

അക്കൗണ്ട്സ് സെക്ഷൻ, **DTE.**

Signed by
Jayaprakash P
Date: 28-06-2025 14:38:29

**"ഭരണഭാഷ- മാതൃഭാഷ"**

# കേരള സർക്കാർ

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

നം.50/2025/ധന തീയതി: 24-06-2025

## സർക്കുലർ

വിഷയം:- വയനാട് ഉരുൾപൊട്ടൽ ദുരന്തം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം നൽകുന്നത് - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്:-

സൂചന:-
1. സ.ഉ(അ) നം.70/2024 തീയതി 16.08.2024 ഉത്തരവ്.
2. സ.ഉ(അ) നം.83/2024 തീയതി 24.09.2024 ഉത്തരവ്.
3. സർക്കുലർ നം.40/2025/ധന തീയതി 28.04.2025.

---

വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട സൂചന ഉത്തരവുകൾ പ്രകാരം നിരവധി ജീവനക്കാർ ശമ്പളം, പി.എഫ്, ആർജിത അവധി സറണ്ടർ തുടങ്ങിയവയിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നെങ്കിലും ക്ലെയിമുകൾ സമയബന്ധിതമായി പ്രോസസ്സ് ചെയ്യാത്തതിനാൽ വാഗ്ദാനം ചെയ്ത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ സൂചന 3 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. മേൽ വിഷയത്തിൽ ചുവടെ ചേർക്കുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തിരമായി എല്ലാ ഡി.ഡി.ഒ-മാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1) വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട സ.ഉ(അ) നം.70/2024 ഉത്തരവ് പ്രകാരം 8/2024-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ സമ്മതപത്രം നല്കിയിട്ടുള്ളതിൽ നിലവിൽ തുക ഒടുക്കാത്ത എന്നാൽ ഇതിനോടകം മരണപ്പെട്ടവരുമായ ജീവനക്കാരുടെ വിഹിതം ഒടുക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കുന്നു. അത്തരം ജീവനക്കാരുടെ മരണ വിവരങ്ങൾ അതത് ഡി.ഡി.ഒ-മാർ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്ത്, പേര്, പെൻ, തസ്തിക, മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ തുടർ നടപടികൾക്കായി അയച്ചു നൽകേണ്ടതാണ്.

2) സൂചനയിലെ പരിപത്രത്തിലെ 1, 2 ഖണ്ഡികകൾ പ്രകാരമുള്ള ക്ലെയിമുകളുടെ തുടർ നടപടികൾക്കുള്ള സാവകാശം ഈ പരിപത്രത്തിന്റെ തീയതി മുതൽ മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നു. അതിനുള്ളിൽ, തുക വാഗ്ദാനം നൽകിയെങ്കിലും തുക ഒടുക്കാത്ത ജീവനക്കരുടെ

(ഡി.ഡി.ഒ-മാർ ഉൾപ്പെടെ) ശമ്പളത്തിൽ നിന്നും വാഗ്ദാനം നൽകിയ തുക ഒറ്റ തവണയായി ഈടാക്കുവാൻ ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ നടപടി സ്വീകരിക്കേണ്ടതാണ്.

3) ജീവനക്കാർ സമ്മതപത്രം നൽകിയിട്ടും തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയ ഡി.ഡി.ഒ-മാർക്ക് സർക്കാർ നിർദ്ദേശം പാലിക്കുന്നതിനുള്ള കാലാവധി ഈ പരിപത്രത്തിന്റെ തീയതി മുതൽ മൂന്ന് മാസത്തേക്ക് കൂടി നീട്ടി നൽകുന്നു. അത്തരം ഡി.ഡി.ഒ-മാരുടെ 5/25 ലെ ശമ്പള ബിൽ സ്പാർക്കിൽ തയ്യാറാക്കുന്നതിലുള്ള തടസ്സം അടിയന്തിരമായി നീക്കുന്നതാണ്.

കെ.ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I, II) കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം

സെക്രട്ടറിയേറ്റ്, എല്ലാ ഭരണ വകുപ്പുകൾ (ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

ധനകാര്യ (സ്പാർക്ക്) വകുപ്പ്

എല്ലാ വകുപ്പ് മേധാവികൾക്കും (ഭരണ വകുപ്പ് മുഖേന)

നോഡൽ ഓഫീസർ, www.finance.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-2995289 ഫയൽ നം.ഫണ്ട്സ്-2/44/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ